കേരള കാർഷിക സർവ്വകലാശാല, കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരഫെഡ് എന്നിവയ്ക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

നാളികേര വികസന ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കൊല്ലം ജില്ലയിലെ കൈപ്പുഴ നാളികേര ഉത്പാദക കമ്പനി, കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി നാളികേര ഉത്പാദക കമ്പനി, ആലപ്പുഴ ജില്ലയിലെ കരപ്പുറം നാളികേര ഉത്പാദക കമ്പനി എന്നിവയ്ക്ക് നീര ഉത്പാദക യൂണിറ്റ് സ്ഥാപിച്ചതിന് 50 ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഉപഭോക്താക്കളിൽനിന്നും നീരയ്ക്കും നീര ഉത്പന്നങ്ങൾക്കും നല്ല പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്. നീര ഉത്പന്നങ്ങളുടെ പ്രചരണാർത്ഥം സംഘടിപ്പിച്ച ജില്ലാതല സെമിനാറുകൾ പ്രദർശനങ്ങൾ എന്നിവയ്ക്ക് ഉപഭോക്താക്കളിൽനിന്നും മികച്ച പ്രതികരണമാണ് ലഭിച്ചത്.

(സി) നീര ഉത്പാദനം പ്രതീക്ഷിത നിലവാരത്തിൽ എത്തിക്കുന്നതിനും കേരകൃഷി ലാഭകരമാക്കുന്നതിനും നിലവിൽ തടസ്സങ്ങൾ ഇല്ല

ജൈവ കാർഷിക മണ്ഡലം പദ്ധതി

125 (2958) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംബ്ലി നിയോജകമണ്ഡല അടിസ്ഥാനത്തിൽ ജൈവ കാർഷിക മണ്ഡലം പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം നിയോജക മണ്ഡലങ്ങളിലാണ് മണ്ഡലതല യോഗങ്ങൾ നാളിതുവരെ വിളിച്ചു ചേർക്കപ്പെടാത്തതെന്ന് അറിയിയ്ക്കുമോ;

(സി) ഇത്തരം യോഗങ്ങൾ വിളിച്ചുകൂട്ടി മണ്ഡലം സമിതികൾ രൂപീകരിയ്ക്കുവാൻ ചുമതലപ്പെടുത്തിയ അസിസ്റ്റന്റ് ഡയറക്ടർമാർ അപ്രകാരം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും സമിതികൾ എത്രയും വേഗം രൂപീകരിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly